**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1051** **24-02-2022 - ൽ മറുപടിയ്ക്ക്**

**പാലയാട് തുരുത്തി പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പാലയാട് തുരുത്തി പാലം നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പാലയാട് തുരുത്തി പാലം കരാറിലേർപ്പെട്ട് 15/3/2021 ന് കരാറുകാരന് സൈറ്റ് കൈമാറിയെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രാരംഭമായി വേണ്ട മണ്ണ് പരിശോധന, പുഴയിലെ ജലത്തിന്റെ സലൈനിറ്റി ടെസ്റ്റ് എന്നിവ വകുപ്പിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം വഴി നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് എന്നാണ് അനുമതി നൽകിയതെന്നും പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ടോ എന്നും വിശദമാക്കാമോ; തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ; | (ബി) | GO.(Rt) No. 111/2020/F&PD dated. 28/2/2020 ന് 63 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും 6/1/2021 ന് സാങ്കേതികാനുമതി നല്കിയും 6/3/2021 ന് ഉടമ്പടിയിലേർപ്പെട്ട് 15/3/2021 ന് കരാറുകാരൻ സൈറ്റ് ഏറ്റെടുത്തു. മാർച്ച് മാസത്തിൽ സൈറ്റ് കൈമാറിയതിന് ശേഷം നിയമസഭ തെരഞ്ഞെടുപ്പ്, കോവിഡ്-19 ലോക്ക്ഡൗൺ, മൺസൂൺ കാലം എന്നിവയാൽ പാലം പണിയുന്നതിന് അനുയോജ്യ സാഹചര്യം ലഭ്യമായിരുന്നില്ല. കരാറുകാരനോട് നിരന്തരം ആവശ്യപ്പെട്ടതിൻ പ്രകാരം മൺസൂൺ കഴിഞ്ഞ് പ്രവൃത്തി ആരംഭിക്കാമെന്ന് കത്ത് മുഖേന കരാറുകാരൻ അറിയിച്ചിരുന്നുവെങ്കിലും കരാറുകാരൻ ഇതുവരെ പ്രവൃത്തി തുടങ്ങിയിട്ടില്ല. |
| (സി) | പാലങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിച്ചതിനു ശേഷം മണ്ണ് പരിശോധന നടത്തി സാങ്കേതിക അനുമതിക്കായി സമർപ്പിക്കുമ്പോൾ ഫൗണ്ടേഷൻ നിർമ്മിക്കാനുള്ള തുകയിൽ വലിയ വ്യത്യാസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഫൗണ്ടേഷൻ നിർമ്മിക്കാനുള്ള തുകയിൽ വ്യത്യാസം വന്നിട്ടില്ല. |
| (ഡി) | മണ്ണ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലങ്ങളുടെ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | മണ്ണ് പരിശോധന റിപ്പോർട്ടിനനുസരിച്ച് വ്യത്യാസം വരുന്ന പൈൽ, പിയർ, വെൽ ഫൗണ്ടേഷൻ മുതലായ രീതിയിലുള്ള ഫൗണ്ടേഷനുകളിൽ നിർമ്മിക്കുന്ന പാലങ്ങൾക്ക് ഈ കാര്യങ്ങൾ പരിഗണിക്കുന്നു. എന്നാൽ ബോക്സ് കൾവർട്ട് പോലുള്ള ഡിസൈനുകളിൽ കൂടുതൽ വിശദമായ |

| | | | |
|---|---|---|---|
| | | | ബോറിംഗ് നടത്തിയിട്ടുള്ള മണ്ണ് പരിശോധന ചെയ്യാറില്ല. |
| (ഇ) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (ഇ) | പ്രസ്തുത പ്രവൃത്തി ഉടനെ തന്നെ ആരംഭിക്കുവാനും, അല്ലാത്തപക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പുനക്രമീകരിക്കുന്നതിന് നടപടി എടുക്കുമെന്നും കരാറുകാരന് കത്ത് നല്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ കാലാവധിയായ 13/01/2023-നകം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ